മിസ്റ്റർ ബി. വി. കെ. മേനോൻ: ആ കടലാസ്സിന്റെ ഒരു പ്രതി മേശപ്പുറത്തുവെച്ചിട്ടുണ്ട്. അതുവായിച്ചുനോക്കാമല്ലൊ.

മിസ്റ്റർ പി. കെ. ഡീവർ: അതിൽപറയുന്ന ആക്ഷേപങ്ങൾ വാസ്തവമല്ലെങ്കിൽ, ഉദ്യോഗസ്ഥന്മാരുടെ പേരിൽ, അവക്കപമാനകരമായതും അവരെപറ്റി പല തെറ്റിദ്ധാരണകളുണ്ടാക്കുന്നതുമായ ഈ മാതിരി പ്രസ്താവനകൾ ചെയ്തിട്ടുള്ള പത്രക്കാരുടേയോ, ലേഖകന്റെയൊ പേരിൽ വല്ല നടപടിയുമെടുത്തിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഈ കാര്യത്തിൽ അങ്ങിനെയൊരു നടപടിയുമെടുത്തിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: ലേഖനത്തിലെ ആക്ഷേപങ്ങൾ ശരിയാണെന്നു തെളിയും എന്നഭയംകൊണ്ടാണോ നടപടി എടുക്കാത്തതു?

മിസ്റ്റർ ബി. വി കെ. മേനോൻ: അല്ല.

മിസ്റ്റർ ജോസ് കെ. വറഗീസ്: ഉദ്യോഗസ്ഥന്മാരുടെയും, പൊതുജനങ്ങളുടേയും പേരിൽ അക്രമപരമായും, അനാവശ്യമായും പത്രക്കാർ ലേഖനമെഴുതുകയാണെങ്കിൽ ഗവമ്മെണ്ടു വല്ല നടപടികളും നടത്തുന്നതാണോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ജനറലായിട്ടുള്ള ഈ വക കാര്യങ്ങളെപ്പറ്റി ഡിസ്ക്കസ് ചെയ്യാൻ ഒരു കമ്മറ്റിയുണ്ട്. അതിൽവെച്ചു ഈ വക കാര്യങ്ങളെ പത്രക്കാരെ പറഞ്ഞു മനസ്സിലാക്കി അതിനു പരിഹാരമുണ്ടാക്കാൻ നോക്കും അതല്ല, അന്യായമാണെന്നു തോന്നിയാൽ, ഗവമ്മെണ്ടു് അതിൽ ക്രിമിനൽ ആക്ഷൻ എടുക്കും.

മിസ്റ്റർ പി. കെ. ഡീവർ: ലേഖനത്തിൽ പറയുന്നതു ശരിയാണെന്നു വന്നാൽ തക്കതായ നടപടിയെടുക്കുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: തീർച്ചയായും നടപടിയെടുക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സൽക്കാരം കൊടുത്തു എന്നു പറഞ്ഞല്ലൊ, അയാൾ എതെങ്കിലും കേസ്സിൽ അന്യായക്കാരനാണോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതു പറഞ്ഞു സൽക്കാരം കൊടുത്തു എന്നു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ ലേഖനമെഴുതിയ ആളോടു് ആരാണു് നാട്ടുപ്രമാണി എന്നാന്വേഷിക്കുകയുണ്ടായോ?

മിസ്റ്റർ ബി വി. കെ. മേനോൻ: ഇല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: അതിനു മുമതല ഇല്ലേ?

മിസ്റ്റർ ബി. വി. കെ. മേനോൻ: മുമതലയില്ല. എത്രയോ കടലാസുകളുണ്ടു്, അതിലെല്ലാം ഗവമ്മെണ്ടുദ്യോഗസ്ഥന്മാരെപ്പറ്റി തെറ്റായി എഴുതുന്ന ലേഖനങ്ങൾ കണ്ടുപിടിച്ചു ആക്ഷൻ എടുക്കാൻ നിവൃത്തിയില്ല, അതിനു സമയമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തെറ്റായോ, ശരിയായോ വിമർശനം നടത്തുന്ന ഈ വക കാര്യങ്ങളെ കാൺടഡിക്ട് ചെയ്യേണ്ടതു് ഗവമ്മെണ്ടിന്റെ മുമതലയല്ലേ?

മിസ്റ്റർ ബി വി. കെ. മേനോൻ: കാൺടഡിക്ട് ചെയ്യണ്ടതാണെങ്കിൽ അതു കാൺടഡിക്ട് ചെയ്യും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവമ്മെണ്ടിനു് ആക്ഷേപകരമായ സംഗതികളെഴുതുന്ന പത്രക്കാരുടെ പേരിൽ വല്ല നടപടിയുമെടുക്കാറുണ്ടോ?

Mr. President: Order, order.

ARTICLES FOR ONAM—OFFICERS DEPUTED TO PURCHASE THEM

594. മിസ്റ്റർ പി. കെ. പോൾ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ,—

(എ) ഓണക്കാലത്തു ഭക്ഷ്യപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനുവിധം ടി സാധനങ്ങൾ വാങ്ങുവാൻ കോയമ്പത്തൂർ മുതലായ പ്രദേശങ്ങളിലേക്കു നിയമിതനായിരുന്ന ഉദ്യോഗസ്ഥൻ (Purchasing Officer) ആരാണെന്നുള്ള വിവരം പറയുമോ;

(ബി) ശർക്കര മുതലായ പദാർത്ഥങ്ങൾ ഓണക്കാലത്തു വളരെ ദുർല്ലഭമായി മാത്രമേ ജനങ്ങൾക്കു ലഭിച്ചിരുന്നുള്ളുവെന്ന വിവരം ഗവമ്മെണ്ടു ധരിക്കുവാൻ ഇടയായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവിടെനിന്നു ശക്കര വാങ്ങി ടി ഉദ്യോഗസ്ഥൻ ലാഭത്തിന്നു് ഏറ്റകച്ചവടം നടത്തിയതായി പ്രബലമായ ഒരു കിംവദന്തി പ്രചരിച്ചിരുന്നതായി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ?

റാവുസാഹിബ് എം. എം. പോൾ :

(എ) അരി വാങ്ങുന്നതിലേക്കു് ബസവാഡയിലേക്കു ശ്രീ. പി. കണ്ടുണ്ണിമേനവനേയും തെന്നാലിയിലേക്കു ശ്രീ. ടി. കെ. രാമനേയും ശക്കര വാങ്ങുന്നതിലേക്കു ശ്രീ. കെ. എസ്സു്. ശിവരാമകൃഷ്ണഅയ്യരേയും ആണു് നിയമിച്ചിരുന്നതു്.

(ബി) ശക്കര മുതലായ സാധനങ്ങൾ വളരെ ദുർല്ലഭമായിട്ടല്ല ജനങ്ങൾക്കു ലഭിച്ചിരുന്നതു്. പക്ഷെ ഓണക്കാലത്തു അപ്രതീക്ഷിതമായ കാരണങ്ങളാൽ ശക്കരയുടെ സ്റ്റോക്കു കുറയുകയും ഉടനെതന്നെ തിരുവിതാംകൂറിൽനിന്നും പ്രത്യകം ഏർപ്പാടു ചെയ്തു ശക്കര കൊണ്ടുവന്നു വിതരണം ചെയ്തു് അത്യാവശ്യങ്ങൾ നിവൃത്തിക്കുകയുമുണ്ടായി.

(സി) അപ്രകാരം ഒരു കിംവദന്തി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

(ഡി) മൻചോദ്യത്തിന്റെ മറുപടി അനുസരിച്ചു് ഉത്തരം ആവശ്യമില്ല.

IRRIGATION—CHITTUR TALUK

595. **Mr. A. Eachara Menon** *(Chittur-Tattamangalam)* : Will Government be pleased to state.—

(*a*) what is the place they have given to Chittur irrigation in their Post-war Scheme;

(*b*) do not the Government know that Chittur, especially the agriculturists of Chittur, depend entirely on the irrigation system;

(*c*) do they not know that the Chittur river is not perennial ;

(*d*) what do they propose to do for its improvements;

(*e*) have they not an exhaustive report by a Special Officer appointed for the purpose during the Diwanship of Sir Bhore;

(*f*) what items of it have they undertaken ;

(*g*) what all remain ;

(*h*) have they not recently surveyed certain places (to mention one Muttimampallam with the object of constructing reservoirs) ;

(*i*) why were they not taken up ;

(*j*) was there not a proposal to open a northern chal at the Mullathura anicut ;

(*k*) did not Diwan Sir Shanmukham inspect the site and the places adjacent and pronounce it to be necessary ?

Mr. V. K. Aravindaksha Menon *(Chief Engineer)* :

(*a*) No special place has been allocated.

(*b*) Yes.

(*c*) Yes.

(*d*) Action is now being taken by Government for the construction of new reservoirs in Chittur. Though suitable sites for additional reservoirs have not been brought to the notice of Government, action will be taken for investigating new sites.

(*e*) Yes.

(*f*) and (*g*) A list showing the works proposed and those undertaken is appended. *(Appendix VII)*.

(*h*) Yes—Eries at Kambalathura, Kunnampadari and Muttimampallam.

(*i*) They have taken up the Kuambalathura Reservoir work. Government have also sanctioned the execution of the Kunnampadari Reservoir work as the pos-twar scheme. The question of the reservoir at Muttimampallam was dropped as it was found that the capacity of the reservoir was very poor.

(*j*) Yes.

(*k*) There are no records to the effect.

ARECA CULTIVATION

596. **Mr. V. R. Krishnan Ezhuthassan** *(Oorakam)* : Will Government be pleased to state.—

(*a*) are the Government aware of any areca gardeners who have given up areca cultivation in the year 1120 on account of its being an uneconomic proposition ;

(*b*) if so, what is their number and what is the extent of the land involved ?

LIBRARY ARCHIVES Kerala Legislative Assembly